**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4186 **16.12.2014** ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; അതിനായി ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവോ; വിശദാംശം ലഭ്യമാക്കാമോ; | (എ) ഉണ്ട്. പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി പഠനം നടത്തുവാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ കൈത്തറി മേഖലയിലെ ഹാന്റെക്സ്, ഹാൻവീവ്, പ്രൈമറി കൈത്തറിസംഘങ്ങൾ എന്നിവയുടെ കടബാധ്യതകൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക, കുടിശ്ശികയില്ലാതെ റിബേറ്റ് വിതരണം ചെയ്യുക, റിബേറ്റ് ദിനങ്ങളുടെ എണ്ണം 101 ആയി വർദ്ധിപ്പിക്കുക, കുറഞ്ഞ വരുമാനമുള്ള സംഘങ്ങൾക്ക് മാനേജീരിയൽ ഗ്രാന്റ് നൽകുക, പ്രാഥമിക കൈത്തറി സംഘങ്ങളെ ആഡിറ്റ് ഫീസിൽ നിന്നും ഒഴിവാക്കുക, സർക്കാർ ഓഹരി പങ്കാളിത്തത്തിന്റെ തോത് വർദ്ധിപ്പിക്കുക, സർക്കാർ വായ്പയ്ക്ക് പലിശ നിരക്ക് കുറയ്ക്കുക, ബാങ്ക് നൽകുന്ന പ്രവർത്തന മൂലധന വായ്പയ്ക്ക് ഈടാക്കുന്ന പലിശയ്ക്ക് സർക്കാർ സബ്സിഡി നൽകുക എന്നീ ശുപാർശകൾ സമർപ്പിച്ചിരുന്നു. കൈത്തറി മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ വിലകുറയ്ക്കുവാനും അവയുടെ ദൗർലഭ്യം പരിഹരിക്കുവാനും കൈത്തറി ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുവാൻ കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. കൈത്തറി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും ആകർഷണത്വം വർദ്ധിപ്പിക്കുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കമ്മിറ്റി ചില നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിരുന്നു. കൈത്തറി മേഖലയിൽ സർക്കാർ ധനസഹായം കൈത്തറി സഹകരണ സംഘങ്ങൾ വഴി നൽകണമെന്നും കൈത്തറി മേഖലയുടെ വളർച്ചക്കായി ഒരു വകുപ്പ് രൂപീകരിക്കണമെന്നും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ ശക്തമായ നടപടി |

എടുക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്തിരുന്നു.

കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കൈത്തറി മേഖലയിലെ ഹാന്റെക്സ്, പ്രൈമറി കൈത്തറി സംഘങ്ങൾ എന്നിവയുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു കൈത്തറി മേഖലക്കായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് അനുസൃതമായ ധനസഹായം അർഹതയുള്ള സംഘങ്ങൾക്ക് നൽകിവരുന്നു. പ്രൈമറി സംഘങ്ങളുടെ റിബേറ്റ് 2010-11 വരെ കൊടുത്തിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി യാൺബാങ്കുകൾ സ്ഥാപിക്കുകയും അവയുടെ വിലയിലുള്ള വ്യതിയാനം പിടിച്ചു നിർത്തുന്നതിന് കഴിഞ്ഞുൽ സബ്സിഡി നൽകിവരുന്നുണ്ട്. കൂടിൽ മാതൃകാ സംഘങ്ങളിലെ നെയ്ത്തുകാർക്ക് അനുബന്ധ ഉപകരണങ്ങൾ സൗജന്യമായി കൊടുക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഉൽപന്ന വൈവിധ്യ വൽക്കരണത്തിനും കലാമേന്മ വർദ്ധിപ്പിക്കുന്നതിനും പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ഡോബി, ജെക്കാർഡ് തുടങ്ങിയ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം നൽകിവരുന്നു.

ഖാദിമേഖലയുടെ പ്രശ്നങ്ങൾ സംബന്ധിച്ചും ഈ മേഖലയുടെ നവീകരണത്തിനു വേണ്ടിയും പഠനം നടത്തുവാൻ ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റിയെ നിയോഗിച്ചിരുന്നതും പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുള്ളതുമാണ്. ഖാദിമേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഖാദി തൊഴിലാളികളുടെ മിനിമം കൂലി സർക്കാർ നിശ്ചയിച്ച് ഉത്തരവാകുകയും ആയതിനായി ധനസഹായം അനുവദിക്കുകയും ചെയ്തിരുന്നു.

പരമ്പരാഗത കയർ വ്യവസായം നേരിടുന്ന പ്രശ്നങ്ങളേയും പ്രതിസന്ധികളേയും പറ്റി സമഗ്രമായ പഠനം നടത്തുന്നതിനായി ശ്രീ.ആനത്തലവട്ടം ആനന്ദൻ ചെയർമാനായി ഒരു കമ്മീഷനെ നിയോഗിച്ചിരുന്നു. കയർമേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പാക്കി

| | |
|---|---|
| | ആധുനികവത്കരിക്കുന്നതിനടക്കമുള്ള നിർദ്ദേശങ്ങൾ കമ്മീഷൻ നൽകിയിരുന്നു. പ്രസ്തുത ശുപാർശയടക്കം മിക്ക നിർദ്ദേശങ്ങളും കയർമേഖലയിൽ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) പാലക്കാട് ജില്ലയിലെ കൈത്തറി / നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങൾ പുനരുദ്ധീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) കേന്ദ്ര സർക്കാരിന്റെ റിവൈവൽ റിഫോംസ് ആന്റ് റീസ്ട്രക്ച്ചറിംഗ് പാക്കേജിലൂടെ നിലവിൽ പ്രവർത്തിക്കുന്ന പതിമൂന്ന് സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇൻകം സപ്പോർട്ട് സ്കീം, പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നീ പദ്ധതികൾ പ്രകാരം നെയ്ത്തുകാർക്ക് വരുമാനം കൂട്ടുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) പാലക്കാട് കൈത്തറി/നെയ്ത്ത് മേഖലയിൽ വൻതോതിൽ നിക്ഷേപം ഉറപ്പിക്കാനും മറ്റുമായി വ്യവസായ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (സി) കൈത്തറി മേഖലയിൽ നിക്ഷേപം നടത്താൻ പുതിയ സംരംഭകരെ സഹായിക്കാനായി സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി അനുസരിച്ച് പ്രോജക്ടിന്റെ 40% (പരമാവധി 4 ലക്ഷം രൂപ വരെ) മാർജിൻമണി വായ്പയായി നൽകുന്നു. കൂടാതെ പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനായി 30% (പരമാവധി 1.5 ലക്ഷം രൂപ) മാർജിൻമണി ഗ്രാന്റായി സർക്കാർ നൽകുന്നു. |

സെക്ഷൻ ഓഫീസർ